കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം- കാസർഗോഡ് നിയോജകമണ്ഡലം- കാസർഗോഡ് സിവിൽ സ്റ്റേഷൻ മെയിൻ ഗേറ്റ് നിർമ്മാണം ചെങ്കള ഗ്രാമ പഞ്ചായത്ത് - പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2222/2019 /തസ്വഭവ തിരുവനന്തപുരം, തീയതി :10.10.2019

---

പരാമർശം- 1. 04/08/2017 ലെ സ.ഉ(സാധാ.)നം.2703/2017/തസ്വഭവ .

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29/06/2019 ലെ നം.ഡിബി5/1660/17/സിഇ/തസ്വഭവ കത്ത്

3. 18.08.2019 ലെ സ.ഉ ( സാധാ .) നം .6608/2019/ ധന .

## ഉത്തരവ്

കാസർഗോഡ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും കാസർഗോഡ് സിവിൽ സ്റ്റേഷൻ മെയിൻ ഗേറ്റ് നിർമ്മാണം ചെങ്കള ഗ്രാമ പഞ്ചായത്ത് എന്ന പ്രവൃത്തിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ ഏജൻസിയാക്കിക്കൊണ്ട് 10 ലക്ഷം രൂപയ്ക്ക് (പത്ത് ലക്ഷം രൂപ മാത്രം) പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിരുന്നു. എന്നാൽ ടി പ്രവൃത്തി നാഷണൽ ഹൈവേയിൽപ്പെടാതെ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡിൽ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഹാബിറ്റാറ്റ് ഗ്രൂപ്പാണെന്നും കോസ്റ്റ് ഇഫക്ടീവ് ആയ കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ അക്രഡിറ്റഡ് ഏജൻസിയാണ് ഹാബിറ്റാറ്റ് ഗ്രൂപ്പെന്നും ഈ പ്രവൃത്തി കോസ്റ്റ് ഇഫക്ടീവ് അല്ലായെങ്കിലും ബഹു.എം.എൽ.എ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഹാബിറ്റാറ്റ് ഗ്രൂപ്പ് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് തുകയായ 16,35,000/- ( പതിനാറ് ലക്ഷത്തി മുപ്പത്തിയയ്യായിരം രൂപ മാത്രം) രൂപയ്ക്ക് ഹാബിറ്റാറ്റ് ഗ്രൂപ്പിനെ നിർവ്വഹണ ഏജൻസിയാക്കികൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ച് പരാമർശം (2 ) ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ ഡിപിആർ ന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ . എൻ . എ . നെല്ലിക്കുന്ന് എം . എൽ . എ യുടെ 2016-17 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കാസർഗോഡ് സിവിൽ സ്റ്റേഷൻ മെയിൻ ഗേറ്റ് നിർമ്മാണം ചെങ്കള ഗ്രാമ പഞ്ചായത്ത് എന്ന പ്രവൃത്തിക്ക് പരാമർശം(1) പ്രകാരം പുറപ്പെടുവിച്ച 10 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും പകരം ടി പ്രവൃത്തിയ്ക്ക് ഹാബിറ്റാറ്റ് ഗ്രൂപ്പ് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് തുകയായ 16,35,000/- ( പതിനാറ് ലക്ഷത്തി മുപ്പത്തിയയ്യായിരം രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നല്കികൊണ്ടും ഉത്തരവാകുന്നു.

3) ആയത് സംബന്ധിച്ച് ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി.എ.ഡി. എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി ചെങ്കള ഗ്രാമ പഞ്ചായത്ത് ,കാസറഗോഡ്
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ്(ഡി.ബി.2/391/2018/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ